LIBRARY ARCHIVES Kerala Legislative Assembly

ഒറ്റദിവസ വെരിഫിക്കേഷനും അധിക അദ്ധ്യാപകരും

87 [1497] ശ്രീ. കെ. മുഹമ്മദാലി:

" ഡി. സുഗതൻ:

" എം. കെ. പോൾസൺ മാസ്റ്റർ:

" ടി. വി. ചന്ദ്രമോഹൻ:

" പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് നിർണ്ണയത്തിന്റെ ഭാഗമായി ഈ വർഷം സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം ഒറ്റദിവസംകൊണ്ട് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ;

(ബി) അതിന്റെ ഫലമായി എത്ര അദ്ധ്യാപകർ കൂടുതലുള്ളതായി കണ്ടെത്തിയിട്ടുണ്ട്;

(സി) ഗവൺമെന്റ് സ്കൂളുകളിൽ കൂടുതൽ അദ്ധ്യാപകരുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത സ്കൂളുകളിൽ എത്ര അദ്ധ്യാപകരാണ് അധികമുള്ളത്;

(ഇ) സ്റ്റാഫ് നിർണ്ണയത്തിന്റെ ഫലമായി അധികമായി കണ്ടെത്തിയ അദ്ധ്യാപകരെ എന്തുചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ. ഇ. ആർ. ലെ വ്യവസ്ഥകൾ അനുസരിച്ച് ജൂലൈ 15-ാം തീയതി മാത്രമേ തസ്തികനിർണ്ണയം പൂർത്തീകരിക്കാനാവൂ. ആയതിനാൽ കണക്ക് ഇപ്പോൾ ലഭ്യമല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നിലവിലുള്ള ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പ്രകാരം അധികമുള്ളവരെ റിട്രെഞ്ച് ചെയ്യുകയോ ഒഴിവുവരുന്ന സ്കൂളുകളിൽ പുനർവിന്യസിക്കുകയോ ചെയ്യുന്നതാണ്.